വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നത് പരമാവധി 20 ലക്ഷം രൂപയാണ്. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ. മൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു. പിന്നോക്ക ജില്ലയിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതികവിദ്യ പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10% പരമാവധി 10 ലക്ഷം രൂപവരെ അധിക സബ്സിഡി ലഭിക്കുന്നതാണ്.

കൂടംകുളം ആണവ നിലയത്തിൽനിന്നുള്ള വൈദ്യുതി

10 (*40) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജു :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നുള്ള വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരാനുള്ള വൈദ്യുതി ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രവരെയായി ; സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അപര്യാപ്തമാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

(സി) ഈ ലൈനിന്റെ പണികൾ എത്രകാലം കൊണ്ട് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ; ഇനി ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ക്ലടംകളം ആണവ നിലയത്തിൽനിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽനിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ ഒരു 400 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ട്രാൻസ്മിഷൻ ലൈനുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യമില്ല. 1885-ലെ കേന്ദ്ര ടെലഗ്രാഫ് ആക്ട് വ്യവസ്ഥ ചെയ്തതിൻ പ്രകാരം ലൈൻ വലിക്കുന്നതുമൂലമുണ്ടാകുന്ന കേടുപാടുകൾക്കുള്ള നഷ്ടപരിഹാരം നല്കിയാണ് റൈറ്റ് ഓഫ് വേ നേടുന്നത്. എന്നാൽ ഇടമൺ മുതൽ കൊച്ചി വരെയുള്ള ലൈൻ നിർമ്മാണം പ്രസ്തുത ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) ഉണ്ട്. ഇടമൺ-കൊച്ചി 400 കെ.വി. റൂട്ടിലേക്കായി മാത്രം 19-8-2014-ലെ (എം.എസ്) 27/14/ഊ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളേയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണം അനുവദിച്ചു നൽകിയപ്പോൾ ഈ പ്രവൃത്തി 2010-ന മുൻപ് പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. റൈറ്റ് ഓഫ് വേ പ്രശ്നങ്ങൾ ഉടൻതന്നെ പരിഹരിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly